ടെക്സ്റ്റൈൽസ് തൊഴിലാളികളുടെ

# ഇരിക്കൽ സമരം എന്തിന്?

അഥവാ
എന്തുകൊണ്ട്
ഞങ്ങൾ ഇരിക്കാനുള്ള
അവകാശത്തിനായി
സമരം ചെയ്യുന്നു?

## AMTU

അസംഘടിത മേഖലാ തൊഴിലാളി യൂണിയൻ
കോഴിക്കോട്



കോഴിക്കോട്
16-04-2014

**പ്രി**യരെ

ഞങ്ങൾ തൊഴിലാളികൾ 2014 മെയ് 1-ാം തീയ്യതി, സാർവ്വദേശീയ തൊഴിലാളി ദിനത്തിൽ 'ഇരിക്കൽ സമരം' എന്ന പുതിയ ഒരു സമരമുഖത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. ടെക്സ്റ്റൈൽസ് മേഖലയിലെ തൊഴിലാളികളും ഷോപ് തൊഴിലാളികളുമടക്കമുള്ള അസംഘടിതമേഖലയിലെ തൊഴിലാളികൾ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന അതിദാരുണമായ മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെയും തൊഴിലവകാശ ലംഘനങ്ങൾക്കെതിരെയുമാണ് ഈ സമരം. അസംഘടിതമേഖലയിലെ വിശിഷ്യ ടെക്സ്റ്റൈൽസ് മേഖലയിലെ ആരോഗ്യകരമായ തൊഴിലവകാശങ്ങൾക്കു വേണ്ടിയുള്ളതാണ് ഈ സമരമെന്ന് കൂടി വ്യക്തിമാക്കട്ടെ.

ഒട്ടനവധി നിയമങ്ങൾ ഉള്ള നാടാണ് നമ്മുടെ ജനാധിപത്യ ഇന്ത്യ. കേരളമാകട്ടെ രാഷ്ട്രീയ പ്രബുദ്ധതയിലും തൊഴിലവകാശത്തിലും വർഷങ്ങളോളം പാരമ്പര്യമുള്ള നാടും. ഇവിടെ ഇത്തരത്തിൽ ഒരു മേഖലയിലെ തൊഴിലാളികൾ ഒന്ന് ഇരിക്കാൻ പോലുമുള്ള മനു

ഷ്യാവകാശം ലഭിക്കാതെ കടന്നു പോകുന്നത് നമ്മുടെ ജനാധിപത്യ ബോധത്തെ വെല്ലുവിളിക്കുന്ന ഒന്നാണ്. ലേബർ ഓഫീസർമാരടക്കമുള്ള അധികാരികൾ ഈ മനുഷ്യാവകാശലംഘനങ്ങൾക്കു ചൂട്ടുപിടിക്കുകയാണ്. ടെക്സ്റ്റൈൽസ് മുതലാളിമാർ നൽകുന്ന കൈക്കൂലിയാണ് ഇവരുടെ കണ്ണു മഞ്ഞളിപ്പിക്കുന്നത് എന്നാണ് ഇതിനോടകമുള്ള ഞങ്ങളുടെ ജീവിതാനുഭവം സാക്ഷ്യപ്പെടുത്തുന്നത്. അതുകൊണ്ട് തന്നെ ബന്ധപ്പെട്ട അധികാരികളുടെ കണ്ണ് തുറപ്പിക്കാനും നീതിയും നിയമവും അനുസരിച്ചുള്ള അവകാശങ്ങൾ ടെക്സ്റ്റൈൽസ് തൊഴിലാളികൾക്കും ഷോപ്പ് തൊഴിലാളികൾക്കും നേടിയെടുക്കാനും വേണ്ടിയുള്ള അവകാശസമരമാണിത്. ഇരിക്കാനും മിനിമം കൂലി, മാക്സിമം തൊഴിൽസമയം ക്ലിപ്തപ്പെടുത്തൽ, പ്രസവാനുകൂല്യങ്ങൾ, മറ്റ് തൊഴിലവകാശങ്ങൾ എന്നീ ന്യായമായ അവകാശങ്ങൾ ഞങ്ങൾ ഈ സമരത്തിലൂടെ ഉയർത്തുകയാണ്. അസംഘടിതമേഖലയിലെ തൊഴിലാളികളെ അടിമതുല്യം ചൂഷണം ചെയ്യുന്ന മുതലാളിമാരുടെ ലാഭക്കൊതിക്കും ബന്ധപ്പെട്ട അധികാരികളുടെ അനാസ്ഥയ്ക്കും സ്വജനപക്ഷപാതത്തിനും അഴിമതിക്കുമെതിരാണ് ഇരിക്കൽ സമരം.

പ്രിയരെ, ജനാധിപത്യബോധമുള്ള, മനുഷ്യാവകാശ ബോധമുള്ള, രാഷ്ട്രീയ പ്രബുദ്ധതയുള്ള നല്ലവരായ നിങ്ങളേവരുടെയും സഹായസഹകരണങ്ങൾ ഞങ്ങൾ പ്രതീക്ഷിക്കട്ടെ. ഞങ്ങളുടെ അവസ്ഥ സവിസ്തരം വിവരിക്കുന്നതാണ് ഈ കൊച്ചു ലഘുലേഖ. ഏവരും ക്ഷമയോടെ ഇത് വായിക്കാനും സമരത്തിന് എല്ലാവിധ പിന്തുണയുമറിയിക്കാനും വിജയിപ്പിക്കാനും വിനീതമായി അപേക്ഷിക്കുന്നു.

**ദിനേശ്. ബി**
പ്രസിഡന്റ്

**വിജി. പി.**
സെക്രട്ടറി

*തയ്യാറാക്കിയത്: എ.എം.ടി.യു. ബുക്ക്‌ലെറ്റ് കമ്മിറ്റി*

# എന്തുകൊണ്ട് ഞങ്ങൾ ഇരിക്കാനുള്ള അവകാശത്തിനായി സമരം ചെയ്യുന്നു?

**മനുഷ്യനായി പിറന്നതുകൊണ്ട് തന്നെ** മനുഷ്യനായി ജീവിക്കുക എന്നത് ഏതൊരു വ്യക്തിയുടെയും ജന്മാവകാശമാണ്. എന്നാൽ മനുഷ്യനായി ജീവിക്കാൻ അവകാശമില്ലാത്തവരായി പരിഗണിക്കപ്പെടുന്ന ഒരു വലിയ വിഭാഗമാണ് കേരളത്തിലെ (ഇന്ത്യയിലെയും) ടെക്സ്റ്റൈൽസ് മേഖയിൽ പണിയെടുക്കുന്ന മനുഷ്യർ. നല്ല വസ്ത്രങ്ങളണിഞ്ഞ് സുന്ദരികളും സുന്ദരന്മാരുമായി, പണിയെടുക്കുന്ന സ്ഥാപനത്തിന്റെ ടാഗും അണിഞ്ഞ് തൊഴിൽശാലകളിലേയ്ക്ക് പോകുന്നു. വൈകുന്നേരം 8 മണിക്കും 9 മണിക്കും ഇടയിൽ പണികഴിഞ്ഞ് തിരികെ വീട്ടിലേക്ക്. ഇതിനിടയിൽ തുണിശാലയിലെ വിശ്രമമില്ലാത്ത ജോലി. ഇത്രയും കാര്യങ്ങൾ ടെക്സ്റ്റൈൽസ് തൊഴിലാളികളെ കുറിച്ച് ആരും സമ്മതിച്ചു തരുന്ന കാര്യങ്ങളാണ്. എന്നാൽ ഇതിനപ്പുറത്താണ് തൊഴിലാളികളുടെ ജീവിതാവസ്ഥ. കൊടിയ ചൂഷണവും മനുഷ്യാവകാശലംഘനങ്ങളുമാണ് ഇന്ന് ഷോപ്പ് തൊഴിലാളികളും ടെക്സ്റ്റൈൽസ് തൊഴിലാളികളും അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അതിൽ ഏറ്റവും ഭീതിതമാണ് പണിയെടുക്കുന്നത്ര സമയവും ഒന്നിരിക്കുവാനുള്ള അവകാശമില്ലാതെ നിൽക്കേണ്ടിവരുന്ന തൊഴിലാളികളുടെ ജീവിതം. അതുകൊണ്ട് സ്വന്തം ജീവിതം തന്നെ തകർത്തുകളയുന്ന ഒരു നീണ്ട 'നിൽക്കലിന്റെ' കഥയാണിത്. ഈ നിൽക്കൽ നമ്മുടെ ജീവിതത്തെ ഒരു വലിയ ചോദ്യചിഹ്നമാക്കി മാറ്റിയിരിക്കുന്നു.

## മനുഷ്യത്വ മില്ലാത്ത നടപടി

ജനാധിപത്യ സംവിധാനത്തിൽ എന്തിനും നീതിപൂർവ്വമായ ഒരു പരിധി നിശ്ചയിച്ചിട്ടുണ്ട്. അതാകട്ടെ മനുഷ്യൻ നടത്തിയ നീണ്ട അവകാശസമരങ്ങളുടെ ഭാഗമായാണ് നടന്നിട്ടുള്ളത്. ഇതിന്റെ ഭാഗമായാണ് തൊഴിൽ മേഖലയിൽ 8 മണിക്കൂർ ജോലി, 8 മണിക്കൂർ വിശ്രമം, 8 മണിക്കൂർ വിനോദം എന്ന അവകാശം സ്ഥാപിതമായത്. 8 മണിക്കൂറിൽ കൂടുതൽ ഒരു തൊഴിൽ മേഖലയിലും നിർബന്ധമായി തൊഴിൽ ചെയ്യേണ്ട ആവശ്യമില്ല. രണ്ട് മണിക്കൂർ ഓവർ ടൈം കൂടി കൂട്ടിയാൽ 10 മണിക്കൂറിൽ കൂടുതൽ തൊഴിലെടുക്കാനോ തൊഴിലെടുപ്പിക്കാനോ തൊഴിൽ നിയമങ്ങൾ അനുവദിക്കുന്നുമില്ല. എന്നാൽ ഷോപ്പുകളിലെ തൊഴിലാളികൾക്ക് പ്രത്യേകിച്ച് ടെക്സ്റ്റൈൽസ് മേഖലയിലെ തൊഴിലാളികൾക്ക് ഈ നിയമം അനുവദിച്ച് കൊടുക്കുന്നില്ല. അവർ ഏറ്റവും കുറഞ്ഞത് 10 മണിക്കൂറാണ് പണിയെടുക്കുന്നത്. കൂടാതെ സീസൺ സമയങ്ങളിൽ 11ഉം 12 മണിക്കൂർ വരെ ഓവർടൈം ജോലി ചെയ്യേണ്ടിയും വരും.

ഈ സമയമത്രയും തൊഴിലാളികൾ നിന്നുവേണം തൊഴിൽ ചെയ്യാൻ എന്നതാണ് ഇവിടത്തെ കാർക്കശ്യമായ അലിഖിത നിയമം. ഇരിക്കാൻ അവർക്ക് അവകാശമില്ലത്രേ!!! ഒരു 10 മിനിറ്റ് നിന്നാൽ തന്നെ എവിടെയെങ്കിലും ഒന്നിരുന്നാൽ മതിയെന്ന് ആരും ചിന്തിച്ചുപോകും. ബസ്സുകളിലും ട്രെയിനുകളിലും നിന്ന് യാത്ര ചെയ്യുമ്പോഴത്തെ അവസ്ഥ ദുരിതാനുഭവമായി വിവരിക്കാറുള്ളവരാണ് നമ്മൾ. അപ്പോൾ ഞങ്ങൾ ടെക്സ്റ്റൈൽസ് തൊഴിലാളികൾ ഈ 11–12 മണിക്കൂറും നിൽക്കേണ്ടിവരുമ്പോഴത്തെ അവസ്ഥ ഒന്നാലോചിച്ചു നോക്കൂ. നിന്ന് നിന്ന് തളർന്ന് ഒന്ന് ചാരി നിന്നാൽ ക്ലോസ്ഡ് സർക്യൂട്ട് (സി.സി) ക്യാമറാ ദൃശ്യങ്ങൾ കണ്ട് സ്ഥാപനമുതലാളിയുടെയോ അയാളുടെ ശിങ്കിടികളുടെയോ വിളിവരും. ഈ ഒരൊറ്റ കാരണത്താൽ പിരിച്ചുവിട്ട തൊഴിലാളികളുടെ എണ്ണവും കുറവല്ല. നമ്മളൊന്നിരുന്നാൽ മുതലാളിമാരുടെ ലാഭം കുറയുമത്രേ. തൊഴിലാളികളെ എന്തും ചെയ്യാമെന്ന ധാരണയാണ് മുതലാളിമാരെക്കൊണ്ട് ഇത് ചെയ്യിക്കുന്നത്. ലാഭത്തിൽ മാത്രമാണ് അവർക്ക് നോട്ടം. നമ്മൾക്ക് രോഗം വന്നാൽ, നമ്മൾ മരിച്ചാൽ, അവർക്കെന്ത്? മനുഷ്യത്വഹീനമാണ് ഈ അവസ്ഥ. എപ്പോൾ വേണമെങ്കിലും നമ്മളെ ജോലിയിൽ നിന്നും പിരിച്ചുവിടാം എന്നതാണ് അവർക്ക് ഇത്തരത്തിൽ പെരുമാറാനുള്ള ലൈസൻസ്.

## ഇരിക്കുക എന്ന മനുഷ്യാവകാശം

'ഇരിക്കാനുള്ള മനുഷ്യാവകാശമോ!' നിങ്ങൾ അത്ഭുതപ്പെട്ടേക്കാം. അതെ, നീണ്ട മണിക്കൂറുകൾ നിന്നു കൊണ്ട് പണിയെടുക്കുമ്പോൾ, അതിനിടയിൽ ഇരിക്കുക എന്നത് ആരോഗ്യത്തെ നിലനിർത്താനുള്ള ഒരുപാധിയാണ്. ഷോപ്പുകളിലെ തൊഴിലാളികളുടെ ആരോഗ്യം നിലനിർത്തുന്നതിനുള്ള സാഹചര്യമൊരുക്കേണ്ടത് നിലവിലുള്ള നിയമങ്ങൾ പ്രകാരം തന്നെ ഷോപ്പ് മുതലാളിമാർക്കാണ്. ഈ ഒരുത്തരവാദിത്വത്തിൽ ഉൾപ്പെടുന്നതാണ് തൊഴിലാളികൾക്ക് ഇരിക്കാനുള്ള സീറ്റുകൾ നൽകുക എന്നത്. മിനിമം രണ്ട് തൊഴിലാളികൾക്ക് ഒരു സീറ്റ് എന്ന അനുപാതത്തിലെങ്കിലും സീറ്റുകൾ അനുവദിക്കേണ്ടതാണ്. എന്നാൽ രണ്ട് പേർക്ക് ഒരു ഇരിപ്പിടം പോയിട്ട് മൊത്തം തൊഴിലാളികൾക്കും കൂടി ഒരു ഇരിപ്പിടമെങ്കിലും ഉണ്ടായിരുന്നെങ്കിൽ എന്നാശിച്ചുപോകുകയാണ് തൊഴിലാളികൾ. പലപ്പോഴും നിന്നുതളരുന്ന തൊഴിലാളികൾ ബാത്തുറൂമിലേയ്ക്കോടും. അവിടത്തെ യൂറോപ്യൻ ക്ലോസറ്റിന്റെ മുകളിലൊന്നിരിക്കാൻ. അല്ലെങ്കിൽ തുണി അറിയാതെ തറയിലിട്ടിട്ട് എടുക്കാനെന്ന മറവിൽ ഒന്ന് കുനിഞ്ഞു നിവരും. ഇത്ര നഗ്നമായ നിയമലംഘനങ്ങൾ ടെക്സ്റ്റൈൽസ് മേഖലയിലെ ആരോഗ്യകരമായ തൊഴിലന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കുന്നു. മിക്ക തൊഴിലാളികളും ഇപ്പോൾ നട്ടെല്ല് തേയ്മാനം, ഡിസ്ക് തേയ്മാനം, നിരന്തരമായ പുറം വേദന, വെരിക്കോസ്, അകാല വാർദ്ധക്യം മുതലായ രോഗങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു.

## അതെ, വിശ്രമവും ഒരു അവകാശമാണ്

നേരത്തെ സൂചിപ്പിച്ചതുപോലെ 8 മണിക്കൂർ മാത്രം ജോലി ചെയ്യുക എന്നത് വളരെ നാളത്തെ അവകാശ പോരാട്ടങ്ങളുടെ ഭാഗമായി തൊഴിലാളികൾ നേടിയെടുത്ത നിയമപരമായ അവകാശമാണ്. ഇതിൽ തന്നെ വിശ്രമിക്കാനുള്ള അവകാശം കൂടി ഉൾപ്പെടുന്നുണ്ട് എന്ന് എത്ര തൊഴിലാളികൾക്ക്, അല്ലെങ്കിൽ എത്ര പേർക്കറിയാം? ഇന്ത്യൻ തൊഴിൽ നിയമമനുസരിച്ച് 4 മണിക്കൂർ ജോലി എന്നാൽ 1 മണിക്കൂർ വിശ്രമവും കൂടി ഉൾപ്പെടുന്നതാണ്. അതായത് 3 മണിക്കൂർ ജോലി 1 മണിക്കൂർ വിശ്രമം എന്നതാണ് തൊഴിൽ നിയമ പ്രകാരം 4 മണിക്കൂർ ജോലി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ ഷോപ്പ് മേഖലയിലും ടെക്സ്റ്റൈൽസ് മേഖലയിലും കേവലം 10 മിനിട്ടാണ് വിശ്രമിക്കാനുള്ള സമയമായി അനുവദിക്കുന്നത്. ആഹാരം കഴിക്കാൻ പോലും അര മണിക്കൂ

റിൽ കൂടുതൽ തൊഴിലാളികൾക്ക് സമയം അനുവദിക്കാറില്ല. 10 മിനിട്ട് ഇടവേളയിൽ മൂത്രമൊഴിക്കാൻ പോയി ഓടി തിരിച്ചുവന്ന് ജോലിക്ക് കയറുന്ന തൊഴിലാളികൾ!! മിക്ക ഷോപ്പുകൾക്കും ഒന്നുകിൽ ബാത്ത്റൂം സൗകര്യങ്ങളില്ല, അല്ലെങ്കിൽ 5-6 നിലകളുള്ള കെട്ടിടത്തിൽ ഏറ്റവും മുകളിലോ താഴെയോ വൃത്തിഹീനമായ ഒരു കക്കൂസ്. അടുത്തുള്ള ഹോട്ടലിലേയ്ക്കോ അല്ലെങ്കിൽ മുകളിലത്തെ/താഴത്തെ നിലയിലേയ്ക്കോ മൂത്രമൊഴിക്കാനായി മൊത്തം തൊഴിലാളികളും ഓടി തിക്കിത്തിരക്കി തിരികെ 10 മിനിറ്റിനുള്ളിൽ എങ്ങനെയാണ് എത്തിച്ചേരുക? വൈകിയെത്തുന്ന ഓരോ മിനിറ്റും രേഖപ്പെടുത്തി വെയ്ക്കുകയും ശമ്പളത്തിൽ തതുല്യമായ കുറവു വരുത്തുകയോ, അധിക ജോലി ചെയ്യിക്കുകയോ ആണ് ഇത് പരിഹരിക്കുന്നതിനുള്ള പതിവു രീതി.

## വനിതാ തൊഴിലാളികൾക്കിത് ദുരിതകാലം

ടെക്സ്റ്റൈൽസ് മേഖലയിൽ ഏറ്റവും ദുരിതമനുഭവിക്കുന്ന വിഭാഗമാണ് വനിതാ തൊഴിലാളികൾ. ഈ മേഖലയിൽ അവരാണ് ഭൂരിഭാഗവും. കുറഞ്ഞ കൂലിയും പ്രതിഷേധ സ്വരങ്ങളില്ലായ്മയും ഒപ്പം സ്ത്രീ സൗന്ദര്യത്തെ മുതലാക്കാമെന്ന സമീപനവുമാണ് ഈ മേഖലയിൽ വനിതാ തൊഴിലാളികളെ കൂടുതലായി നിയമിക്കുന്നതിനുള്ള പ്രേരണ. ഇപ്പോൾ നടന്നു വരുന്ന തിരഞ്ഞെടുപ്പിന്റെ ഭാഗമായി വോട്ട് ആന്റ് ടോക്ക് എന്ന ടി.വി. പ്രോഗ്രാമിൽ "ടെക്സ്റ്റൈൽസ് മേഖലയിലെ തൊഴിലാളികൾക്ക് താങ്കളെന്തു ചെയ്തു?" എന്ന ചോദ്യത്തിന് പ്രമുഖമായ ഒരു രാഷ്ട്രീയ പാർട്ടിയുടെ സ്ഥാനാർത്ഥി പറഞ്ഞ മറുപടി "ഞങ്ങൾ പ്രസവാവധി അസംഘടിത മേഖലാ തൊഴിലാളികൾക്ക് കൊണ്ടുവന്നില്ലേ?" എന്നാണ്. ഗർഭിണിയായ ഒരു തൊഴിലാളിയെപ്പോലും ജോലിക്ക് വെയ്ക്കാത്ത ഈ മേഖലയിൽ 'പ്രസവാനുകൂല്യവും പ്രസവാവധിയും പ്രഖ്യാപിച്ചില്ലേ' എന്ന ചോദ്യം കേവലം പ്രഹസനമായി തുടരുകയാണ്. ഈ രാഷ്ട്രീയ നേതൃത്വങ്ങൾക്ക് ഈ മേഖലയെ പറ്റി ഒന്നും പഠിക്കുന്നതിനോ തൊഴിലാളികളുടെ പ്രശ്നങ്ങളെന്തെന്ന് മനസ്സിലാക്കുന്നതിനോ ഇനിയും സമയം ലഭിച്ചിട്ടില്ല. ഇവിടെ നിലനിൽക്കുന്ന നിയമ പ്രകാരം തന്നെ സ്ത്രീ തൊഴിലാളികൾക്ക് പ്രസവാവധി ശമ്പളത്തോടുകൂടി 12 ആഴ്ചകളാണ്. എന്നാൽ ഗർഭിണിയാണെന്നറിയുമ്പോഴെ വനിതാ തൊഴിലാളികളെ പിരിച്ചു വിടുന്നു. പിരീഡ്സ് (ആർത്തവം) പോലുള്ള സ്ത്രീ സഹജമായ ശാരീരിക പ്രശ്നങ്ങളുള്ളപ്പോഴാണ് ജോലി സമയം മുഴുവനും നിന്നുള്ള ജോലി എന്നത് നരകമാണ്. തുല്യ ജോലിക്ക് തുല്യ വേദനമെന്നത് ഈ തൊഴിലാളികൾ കേട്ടിട്ടു പോലുമില്ല. പുരുഷ തൊഴിലാളികളേക്കാൾ വളരെ തുച്ഛമാണ്

ഈ മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ ശമ്പളം. കൂടാതെ സ്ത്രീകളായതുകൊണ്ട് തന്നെ അശ്ലീല ചുവയൊടെയുള്ള പെരുമാറ്റവും. ഒരു കുടുംബം മുഴുവനും തങ്ങളുടെ ശമ്പളത്തെ ആശ്രയിച്ചാണ് നിൽക്കുന്നതെന്ന ചിന്തയും സ്വന്തം കാലിൽ നിൽക്കണമെന്ന ആഗ്രഹവും കൊണ്ട് മാത്രമാണ് സ്ത്രീ തൊഴിലാളികൾ ഈ ഗതികെട്ട തൊഴിൽ ജീവിതം അനുഭവിക്കാൻ തയ്യാറാവുന്നത്.

ഇതു കൂടാതെ സ്ത്രീ തൊഴിലാളികൾക്ക് ഇരട്ടി അദ്ധ്വാനമാണ് ഇതിലൂടെ സംഭവിക്കുന്നത്. അതിരാവിലെ 5 മണിമുതൽ ഇവരുടെ ഒരു ദിവസം ആരംഭിക്കുന്നുവെന്ന് പറയാം. മക്കളുടേതടക്കം വീട്ടുജോലികൾ 7 മണിക്കു മുമ്പായി ചെയ്തുതീർക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ കൃത്യ സമയത്തിന് തൊഴിൽ സ്ഥാപനത്തിലെത്താൻ സാധിക്കുകയുള്ളു. പിന്നെ വൈകുന്നേരം വീട്ടിലെത്തിയാൽ വിശ്രമിക്കാനുള്ള സമയം പോലും ലഭിക്കാതെ വീണ്ടും വീട്ടു ജോലികളിലും അടുക്കളയുടെ അകത്തളങ്ങളിലുമായി അർദ്ധരാത്രിയോളം പണികളിൽ. ഉറങ്ങുന്ന സമയം പോലും തീരെ കുറവ്. ഞായറാഴ്ചകളിലും മിക്കപ്പോഴും തൊഴിൽ ശാലകളിൽ പണിക്ക് വരണം. കാരണം നിയമപരമായ ലീവ് ടെക്സ്റ്റൈൽസ് മേഖലയിൽ നിൽക്കുന്നില്ല.

## കുടിവെള്ളം പോലും നിഷേധിക്കപ്പെടുമ്പോൾ

കുടിവെള്ളമെന്നത് അടിസ്ഥാന ആവശ്യമാണല്ലോ മനുഷ്യന്, ജീവവായു പോലെ. എന്നാൽ മിക്ക സ്ഥാപനങ്ങളും കുടിവെള്ളം പോലും നൽകാതെയാണ് തൊഴിലാളികളുടെ രക്തം ഊറ്റിക്കുടിക്കുന്നത്. തൊഴിലാളികൾ കൊണ്ട് വരുന്ന ചെറിയ കുപ്പി വെള്ളമാണ് ഈ വേനൽക്കാലത്തും അവരുടെ തൊണ്ടകൾ നനയ്ക്കുന്നത്. എല്ലാ തൊഴിൽ ശാലകളിലും കുടിവെള്ളം സൂക്ഷിക്കണമെന്നത് നിയമപരമായ തൊഴിലാളികളുടെ അവകാശമാണ്.

## സി. സി. ക്യാമറകളെന്ന ചാരക്കണ്ണുകൾ

ഇന്ന് മുതലാളിമാരെ സഹായിക്കുന്ന ഏറ്റവും വലിയ തൊഴിലാളി വിരുദ്ധ നടപടിയായി സി.സി. ക്യാമറകൾ മാറിയിട്ടുണ്ട് എന്നതാണ് യാഥാർത്ഥ്യം. സാധനങ്ങൾ വാങ്ങൻ വരുന്നവർ മോഷണം നടത്തുന്നുണ്ടോ എന്ന് പരിശോധിക്കാനെന്ന പേരിലാണ് ഇവ സ്ഥാപിക്കുന്നതെങ്കിലും തൊഴിലാളികളെ നിരീക്ഷിക്കുന്നതിനാണ് ഇന്ന് ഇവ കൂടുതലും ഉപയോഗിച്ച് വരുന്നത്. ഏതെങ്കിലും തൊഴിലാളി ഇരിക്കുന്നുണ്ടോ എന്നാണ് ഇവർ ഇതിലൂടെ പരിശോധിക്കുന്നത്. തൊഴിലാളികൾ നിന്ന് തളർന്നൊന്ന് ചാരി

നിന്നാൽ ഈ ക്യാമറകൾ വഴി മനസ്സിലാക്കുന്ന മുതലാളി സ്ഥാപനത്തിനുള്ളിലിരുന്നോ, എന്തിന് വിദേശത്തു നിന്നോ പോലും വിളിക്കുന്നു. ഇന്നത്തെ സങ്കേതിക വിദ്യ അത്ര കണ്ട് വളർന്നിട്ടുണ്ട്. ഫേസ്ബുക്കും വാട്സ് ആപും ഒക്കെ ഇത്തരത്തിൽ അവർക്ക് ഉപയോഗിക്കാൻ കഴിയുന്നു. തൊഴിലാളികൾ തമ്മിലുള്ള സ്വകാര്യ സംഭാഷണങ്ങളും ഇടപെടലുകൾ പോലും ഇത്തരത്തിൽ നിരീക്ഷിക്കപ്പെടുന്നു. ഇത്തരത്തിലുള്ള സ്വകാര്യ ക്യാമറകളുടെ ചാരക്കണ്ണുകൾക്ക് കീഴിലാണ് ടെക്സ്റ്റൽസ് തൊഴിലാളികളുടെ ജീവിതം. പോരാത്തതിന് ബാത്ത്റൂമിനടുത്തുപോലും ഇത്തരം ക്യാമറകൾ വെയ്ക്കുന്നു. സ്ത്രീകൾക്ക് വസ്ത്രങ്ങളൊന്ന് അയഞ്ഞാൽ ശരിയാക്കിയുടുക്കാൻ പോലും കഴിയാത്ത സ്ഥിതിയാണ് ഇവിടെ നിലനിൽക്കുന്നത്. ഇത്തരം ചിത്രങ്ങൾ ദുരുപയോഗം ചെയ്യാനുള്ള സാധ്യതയും ഏറെയായതുകൊണ്ട് വനിതാ തൊഴിലാളികളുടെ ജീവിതം വളരെ കഷ്ടത്തിലാവുകയാണ്.

## സ്ഥാപനത്തിന്റെ സ്റ്റാറ്റസ് നിലനിർത്താനും തൊഴിലാളികളുടെ ശമ്പളം!

വളരെ വൃത്തിയുള്ള യൂണിഫോം വസ്ത്രങ്ങൾ ധരിച്ച് മോഡലുകൾക്ക് സമാനമായി അണിഞ്ഞൊരുങ്ങിവേണം ടെക്സ്റ്റൈൽസ് തൊഴിലാളികൾ, ആണും പെണ്ണും, സ്ഥാപനത്തിലെത്താൻ. മക്കൾക്ക് പോലും നല്ല വസ്ത്രം വാങ്ങാൻ ശമ്പളം തികയാത്ത പാവങ്ങളായ ഈ തൊഴിലാളികൾ തൊഴിൽ നിലനിർത്താൻ തങ്ങളുടെ ശമ്പളത്തിൽ നിന്ന് വകമാറ്റിവെയ്ക്കേണ്ടി വരുന്നു. അതും ഭീമമായ തുക തന്നെ വേണ്ടി വരും. ആദ്യത്തെ യൂണിഫോം ഒഴികെ തുടർന്നുള്ള കാലങ്ങളിൽ യൂണിഫോം വാങ്ങേണ്ട ചുമതല തൊഴിലാളികളിൾ നിക്ഷിപ്തമാണ്. പച്ചരി വാങ്ങാൻ പോലും ശമ്പളം തികയില്ലെന്നിരിക്കേ തൊഴിലാളികൾ യൂണിഫോം വാങ്ങുന്നത് തൊഴിൽ സ്ഥാപനത്തിന്റെ സ്റ്റാറ്റസ് നിലനിർത്താൻ വേണ്ടിയാണ്. ഇതുകൊണ്ട് തൊഴിലാളികൾക്ക് ഒരു ഗുണവുമില്ലെങ്കിലും തൊഴിലിൽ നിന്ന് പിരിച്ചുവിടുമോ എന്ന ഭയം കാരണം അവർ ഇത്തരത്തിലുള്ള അതിക ഭാരവും പേറുന്നു.

## മൂത്രം പോലും ഒഴിക്കാനാവാത്ത നീണ്ട 11 മണിക്കൂറുകൾ

ടെക്സ്റ്റൈൽസ് മേഖലയിലെ മിനിമം തൊഴിൽ സമയം 11 മണിക്കൂറായാണ് മുതലാളിമാർ നിശ്ചയിച്ചിരിക്കുന്നത്. “ഞങ്ങളുടെ ഇവിടത്തെ രീതി ഇതാണ്. മിനിമം 10 മണിക്കൂറാണ് ജോ

ലി. പിന്നീട് 8 മണിക്കൂറാണ് നിയമം എന്നൊന്നും പറഞ്ഞോണ്ട് വന്നേക്കരുത്. വേണമെങ്കിൽ ജോലി ചെയ്താൽ മതി. ഇല്ലെങ്കിൽ സ്ഥലം വിടാം. ഇവിടെ ധാരാളം തൊഴിലാളികളെ കിട്ടാനുണ്ട്.” ഇതാണ് ഓരോ മുതലാളിമാരും തൊഴിലാളികളെ നിയമിക്കുമ്പോഴെ പറയുന്ന വാക്കുകൾ. സ്വാഭാവികമായി ഈ ഭയത്തിലാണ് തൊഴിലാളികൾ മുതലാളിമാർക്കു വേണ്ടി അടിമകളെ പോലെ അധികം സമയം തൊഴിലെടുക്കുന്നത്. ഓവർ ടൈം ജോലി കൂടി ചേർത്താൽ 11 മുതൽ 12 മണിക്കൂറുകൾ വരെ തൊഴിലാളികൾ പണിയെടുക്കേണ്ട ഗതികേടാണ്.

വളരെയടുത്തകാലത്താണ് ‘പെൺകൂട്ട്’ എന്ന സ്ത്രീതൊഴിലാളികളുടെ പ്രസ്ഥാനവും എ.എം.ടി.യുവും ചേർന്ന് മൂത്രമൊഴിക്കാനുള്ള അവകാശത്തിനുള്ള സമരം കോഴിക്കോട് മുട്ടായിത്തെരുവ് കേന്ദ്രീകരിച്ചുകൊണ്ട് നടത്തുകയും കോർപ്പറേഷനെ കൊണ്ട് കക്കൂസ് നിർമിപ്പിക്കുകയും ചെയ്തത്. ഇനിയും ഈ പ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. കെട്ടിട നിർമ്മാണ റൂൾസ് പ്രകാരം തന്നെ ഓരോ കെട്ടിടവും നിശ്ചിത എണ്ണം കക്കൂസുകളും മറ്റ് ശുചീകരണ സൗകര്യങ്ങളും നൽകേണ്ടതാണ്. എന്നാൽ കോഴിക്കോട്ടെ മിക്ക സ്ഥാപനങ്ങളിലും കക്കൂസ് ഇല്ല എന്നു തന്നെ പറയാം. ചില സ്ഥാപനങ്ങളിൽ ഏറ്റവും താഴെത്തയോ മുകളിലത്തെയോ നിലയിൽ ഇടിഞ്ഞുപൊളിഞ്ഞ ഒരു കക്കൂസ് കണ്ടെന്നു വരാം. ഇത് അനുഭവം മാത്രമല്ല. മറിച്ച് വിവരാവകാശപ്രകാരം കോർപ്പറേഷനിൽ നിന്നും ലഭിച്ച രേഖകൾ തന്നെ വ്യക്തമാക്കുന്ന കാര്യമാണ്. ഇത്തരം സൗകര്യങ്ങളില്ലാതെ കെട്ടിടങ്ങൾക്ക് പ്രവർത്തിക്കാൻ ആരാണ് അനുമതി നൽകിയിരിക്കുന്നത് എന്ന ചോദ്യം ഇവിടെ നിലനിൽക്കുന്ന വലിയ അഴിമതിയിലേയ്ക്കാണ് വെളിച്ചം വീശുന്നത്. കോഴിക്കോട് മുട്ടായ്ത്തെരുവിലെ യൂണിറ്റി ടവർ, കൊയൻകോ ബസാറുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ഉള്ള കക്കൂസുകൾ പൊളിച്ച് കടകളാക്കി മാറ്റിയിരിക്കുകയാണ്. ഏറ്റവും താഴത്തെ ഡ്രെയ്നേജ് ഭാഗം പോലും കടകളാക്കി നൽകി കൊള്ളലാഭമടിക്കുകയാണ് ഇത്തരം സ്ഥാപനങ്ങളുടെ മുതലാളിമാർ. ഇതിൽ നിന്നുള്ള നേരിയ ഒരു വിഹിതം മതി ഇത് മറയ്ക്കാനുള്ള കൈക്കൂലി നൽകാൻ.

ഇത് ആരെയാണ് പ്രതികൂലമായി ബാധിക്കുന്നത്? തൊഴിലാളികളെ. പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികളെ. കാരണം നീണ്ട മണിക്കൂറുകൾ വിശ്രമമില്ലാതെ നിൽക്കുക മാത്രമല്ല മൂത്രം പോലും ഒഴിക്കാൻ കഴിയാത്ത ഭീകരാവസ്ഥ. രാവിലെ 7 മണിക്കെങ്കിലും ഇവർ വീടുകളിൽ നിന്നും പുറപ്പെടും. രാത്രി പത്തു മണിയാവും തിരികെ വീട്ടിലെത്തുമ്പോൾ. ഈ നേരമത്രയും തൊഴിലാളികൾ മൂത്രമൊഴിക്കാതെ കഴിച്ചുകൂട്ടുന്നു. പുരുഷ തൊഴിലാളികൾ അടുത്തുള്ള ഹോട്ടലുകളിലെ ബാത്ത്റൂമുകളെങ്കിലും ഉപയോഗിക്കു

ന്നു. സ്ത്രീ തൊഴിലാളികൾക്ക് അതും സാധിക്കുകയില്ല. മൂത്ര മൊഴിക്കുന്ന കാര്യം പറയുമ്പോഴേയ്ക്കും മുതലാളിമാർ അശ്ലീലം കലർന്ന സംസാരങ്ങൾ തുടങ്ങുന്നു. 'ബേബി നാപ്കിനു'ൾപ്പെടെ അവരുടെ നാവുകളിൽ തത്തിക്കളിക്കും. ഇത് ഭയന്ന് സ്ത്രീ തൊ ഴിലാളികൾ ഇക്കാര്യം അവരെ അറിയിക്കുകപോലും ചെയ്യില്ല. കി ഡ്നിയിലെ സ്റ്റോൺ ഉൾപ്പെടെയുള്ള രോഗങ്ങൾ തൊഴിലാളിക ളിൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്.

## മിനിമം കൂലി ഇവർക്ക് അന്യം

ടെക്സ്റ്റൈൽസ് തൊഴിലാളികൾക്ക് മിനിമം കൂലിയെന്നത് അറിയുക പോലുമില്ല. ഓരോ മാസവും മിനിമം വേതന നിയമ പ്ര കാരം സർക്കാർ അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി ഗവൺമെന്റ് ഓർഡറുകളിലൂടെ പ്രഖ്യാപിക്കു ന്നു. ഈ മിനിമം കൂലി എന്നത് ഓരോ മേഖലയിലെയും ഏറ്റ വും കുറഞ്ഞ കൂലിയാണ്. തൊഴിലാളിക്ക് നൽകുന്ന കൂലി മിനി മം കൂലിയേക്കാൾ എത്രവേണമെങ്കിലും വർദ്ധിക്കാം. എന്നാൽ അതിലും താഴെ തൊഴിലാളിക്ക് കൂലിയായി നൽകാൻ പാടില്ല. തൊഴിൽ വ്യത്യാസമനുസരിച്ച് ഇതിൽ വ്യത്യാസങ്ങൾ ഉണ്ടാകാം. വിശ്രമമടക്കമുള്ള 8 മണിക്കൂർ അദ്ധ്വാനത്തിന് 7500 രൂപയാണ് ഡി.എ. അടക്കം തുടക്കത്തിലെ ഒരു മാസത്തെ മിനിമം വേതനം. 5 ശതമാനം വെയ്റ്റേജും. ടെക്സ്റ്റൈൽസ് മേഖലയിലെ തൊഴിലാ ളികളുടെ മിനിമം വേജ് ഇതാണെന്നിരിക്കെ, നിർഭാഗ്യകരമെന്ന് പ റയട്ടെ ഈ മേഖലയിൽ 4000 രൂപ മുതലാണ് പ്രതിമാസ ശമ്പളം (എല്ലാം അടക്കം). 5 വർഷം വരെ കാലാവധി പൂർത്തിയാക്കിയ തൊഴിലാളിക്ക് പരമാവധി 8500 രാപവരെ മുതലാളിമാർ നൽകും.

## ആനുകൂല്യങ്ങൾ ലഭ്യമാകാത്ത തൊഴിൽ മേഖല

തൊഴിലാളികൾ ദീർഘകാലമായി പണിയെടുക്കുന്നവരാണെ ങ്കിലും ഓരോ 6 മാസം തികയുമ്പോഴും ഇവരെ പിരിച്ച് വിടു കയും പുതുതായി നിയമിക്കുകയും ചെയ്തുകൊണ്ട് തൊഴിൽ സ്ഥാപനങ്ങൾ രേഖകൾ ഉണ്ടാക്കുന്നു. സ്വാഭാവികമായി തൊഴി ലാളികളിൽ ഭൂരിപക്ഷവും താൽക്കാലിക ജീവനക്കാരായി തന്നെ തുടരുന്നു. തൊഴിൽ സുരക്ഷ ഇവർക്ക് ലഭിക്കുന്നില്ല. കൂടാതെ യാതൊരു വിധ തൊഴിൽ ആനുകൂല്യങ്ങളും ഇവിടത്തെ തൊഴി ലാളികൾക്ക് ലഭിക്കുന്നുമില്ല. ഇ.എസ്.എ. സൗകര്യം, ബോണസ്, അഡ്വാൻസ്, ഇൻഷുറൻസ്, പെൻഷൻ, പ്രൊവിഡന്റ് ഫണ്ട് മുത ലായ എല്ലാവിധ നിയമപരമായ ആനുകൂല്യങ്ങൾക്കും തൊ ഴിലാ

ളികൾ അർഹരാണെങ്കിലും ഇതൊന്നും തന്നെ ഇവർക്ക് ലഭ്യമാകുന്നില്ല. എന്തിന് തൊഴിൽ രജിസ്റ്റർ പോലും രണ്ടെണ്ണം തൊഴിൽ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നു. ഒന്ന് ലേബർ ഓഫീസറെ പറ്റിക്കുന്നതിനും മറ്റൊന്ന് തൊഴിലാളികളുടെ യഥാർത്ഥ വിവരങ്ങൾ സൂക്ഷിക്കുന്നതിനും. ഇത് പരസ്യമായി അവർ വെയ്ക്കാറില്ല.

ഇനി പഞ്ചിങ് മെഷീന്റെ കാര്യമെടുക്കാം. രാവിലെ 9.30 മണിക്കാണ് തൊഴിലാളികൾ പഞ്ച് ചെയ്യേണ്ടത്. എന്നാൽ തൊഴിലാളികൾ കൃത്യം 9 മണിക്കേ ഹാജരാകണം. അതിൽ അരമണിക്കൂർ രേഖപ്പെടുത്താതെ നഷ്ടമാകുന്നു. തുടർന്ന് വൈകുന്നേരവും 9.30 മുതൽ 8 മണിക്കൂർ കണക്കാക്കി തൊഴിലാളികൾ പഞ്ച് ചെയ്യണം. തുടർന്നുള്ള മണിക്കൂറുകൾ അന്യായമായി ഇവരെ കൊണ്ട് പണിയെടുപ്പിക്കുകയും ചെയ്യുന്നു.

ലീവിന്റെ കാര്യം പറയുകയും വേണ്ട. നിയമപരമായ ഒരു ലീവും ഇവർക്ക് ലഭിക്കുന്നില്ല. മാസം രണ്ട് ലീവുകൾ മാത്രം. അതും ഓഫ് ദിവസങ്ങളായി എടുക്കാം. പ്രസവാവധി ഇവർക്ക് ശമ്പളത്തോടുകൂടിയ 12 ആഴ്ചകളാണെങ്കിലും അതിനു മുമ്പേ ഇവരെ പിരിച്ചുവിടുന്നു. ഇതാണ് ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള ഷോപ് തൊഴിലാളികളുടെ ആനുകൂല്യങ്ങളുടെ അവസ്ഥ.

പ്രതിമാസം 4 പൂർണ്ണ അവധിയും തൊഴിൽ നിയമങ്ങൾ തൊഴിലാളിക്ക് വാഗ്ദാനം ചെയ്യുന്നുണ്ട്. വർഷം ശമ്പളത്തൊടുകൂടിയ 12 അവധി, 12 ദിവസത്തെ രോഗാവധി, വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് സ്പെഷ്യൽ അവധി എന്നിങ്ങനെ തൊഴിലാളികളികൾക്ക് അവകാശപ്പെട്ട അവധികളുണ്ടെങ്കിലും ***കേവലം മാസത്തിൽ 2 അവധി*** മാത്രമാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത് എന്നത് എത്രമാത്രം ക്രൂരമാണ്!!!

## രോഗഗ്രസ്ഥമായ ജീവിതങ്ങൾ

ടെക്സ്റ്റൈൽസ് മേഖലയിലെ തൊഴിലാളികൾ ഇന്ന് രോഗഗ്രസ്ഥമായ ജീവിതമാണ് നയിക്കുന്നത്. തുടർച്ചയായ നിന്നുള്ള ജോലി, മൂത്രമൊഴിക്കാനും മറ്റുമുള്ള സൗകര്യമില്ലായ്മ, അനാരോഗ്യകരമായ തൊഴിൽ സാഹചര്യങ്ങൾ മുതലായവ ടെക്സ്റ്റൈൽസ് മേഖലയിലെ തൊഴിലാളികളുടെ ജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. സ്ഥിരം നടുവേദന ഇല്ലാത്ത തൊഴിലാളികളില്ല. ഒപ്പം ഡിസ്ക് തേയ്മാനം, അസ്ഥി തേയ്മാനം, വെരിക്കോസ്, മൂത്രത്തിൽ കല്ല് മുതലായ രോഗങ്ങളുമായാണ് ഇന്ന് തൊഴിലാളികൾ ഈ മേഖലയിൽ തൊഴിലെടുക്കുന്നത്.

## ലൈംഗികവും വംശീയവുമായ ചൂഷണങ്ങൾ

എന്തുകൊണ്ട് ടെക്സ്റ്റൈൽസ് മേഖലയിലെ തൊഴിലാളിക ളിൽ അതും വസ്ത്രങ്ങൾ എടുത്തുകൊടുക്കുന്ന മേഖലയിൽ സ്ത്രീകൾ ഏറ്റവും കൂടുതലായി എന്നതു തന്നെ ഈ മേഖലയിലെ ലൈംഗികമായ ചൂഷണം മുഴച്ചു നിൽക്കുന്നുവെന്ന് കാണാം. സ്ത്രീകൾ സെയിൽസ് ഗേളുകളായി ഇല്ലാത്ത ഒരു സ്ഥാപനവും ഇല്ല. ഇതിൽ തന്നെ വെളുത്ത നിറമുള്ള സ്ത്രീ തൊഴിലാളിക ൾക്കാണ് ഉടമകൾ മുൻഗണനന കൊടുക്കുന്നത്. അവരുടെ സൗന്ദ ര്യവും ആരോഗ്യവുമാണ് ഇവിടെ കച്ചവടം ചെയ്യപ്പെടുന്നത്. ഒപ്പം ഇത്തരം മേഖലയിൽ നിലനിൽക്കുന്ന വംശീയതയെയും ഇത് പ്ര തിഫലിപ്പിക്കുന്നു. തൊലിനിറം കുറഞ്ഞ തൊഴിലാളികളെ അവ ഗണനയോടെയാണ് ഈ മേഖല കാണുന്നതു തന്നെ. അവർക്ക് തൊഴിൽ സംരക്ഷിക്കാൻ കൂടുതൽ അദ്ധ്വാനിക്കേണ്ടിയും വരുന്നു ണ്ട്.

## ആരാണ് ഇതിനുത്തരവാദി?

ഒരുഭാഗത്ത് മുതലാളിമരുടെ ഹുങ്കും ലാഭക്കൊതിയുമാണ് ഇതിനുത്തരവാദി. തൊഴിലാളികളെ അടിമകളായാണ് ഇവർ കാണുന്നത്. എന്തുപറഞ്ഞാലും എന്തൊക്കെ ചെയ്താലും ഈ മേഖലയിലെ തൊഴിലാളികൾ മറ്റൊരു ജോലി തേടി പോകാത്ത വിധം നിസ്സഹായരാണെന്ന് ഇവർക്ക് നന്നായറിയാം. മാത്രവുമല്ല ഷോപ്പ് മുതലാളിമാർ സംഘടിതരുമാണ്. അവർക്ക് ഒരുമിച്ച് ഏത് തൊഴിലാളി വിരുദ്ധ നയവും സ്വീകരിക്കാൻ കഴിയുന്നു.

മറ്റൊരുത്തരവാദി നമ്മൾ തൊഴിലാളികൾ തന്നെയാണ്. ഇതുവരെയും നമ്മൾ അസംഘടിതരായി തന്നെ തുടരുന്നു. ന മുക്കുവേണ്ടി ആരും ചോദിക്കാനോ പറയാനോ ഇല്ലെന്ന അവ സ്ഥ. നമ്മൾ സംഘടിക്കാത്തിടത്തോളം നമ്മുടെ അവകാശ ങ്ങൾക്കുവേണ്ടി ആരും മുന്നോട്ട് വരികയുമില്ല. രാഷ്ട്രീയക്കാർ പോലും. കാരണം രാഷ്ട്രീയക്കാരെ സംബന്ധിച്ചിടത്തോളം സംഭാവനകളായും മറ്റും നൽകി അവരെ തീറ്റി പോറ്റുന്നത് ഈ മേഖലയിലെ മുതലാളിമാർ തന്നെയാണ്. അതുകൊണ്ട് തന്നെ തങ്ങളുടെ അന്നദാതാക്കൾക്കെതിരെ ഈ രാഷ്ട്രീയ നേതൃത്വം വിരലനക്കുകയില്ലല്ലോ. ഒപ്പം മുഖ്യധാരാ ട്രേഡ്യുയൂണിയനുകളും. അവരാകട്ടെ പല സമരങ്ങളും നടത്തി മുതലാളിമാർക്കനുകൂല മയ വിധത്തിൽ തൊഴിലാളികളുടെ ജീവിതാവസ്ഥ കൊണ്ടെത്തി ക്കുന്നതായാണ് നമ്മുടെയൊക്കെ അനുഭവം. അവർക്കും മുതലാ ളിമാരിൽ നിന്നും ലഭിക്കുന്ന ചില്ലറക്കാശുകൾ മതി.

## അഴിമതിയുടെ കേന്ദ്രമായ ലേബർ ഓഫീസ്

തൊഴിലാളികളുടെ ഈ ദുരിതക്കടലിന് വലിയൊരുത്തരവാദി നമ്മുടെ ലേബർ ഓഫീസർമാരാണ്. നമ്മുക്ക് ലഭിക്കുന്ന തൊഴിൽ സാഹചര്യങ്ങൾ, ശമ്പളം, മറ്റാനുകൂല്യങ്ങളൊക്കെയും പരിശോധിക്കുകയും ഉറപ്പാക്കുകയും ചെയ്യേണ്ട ചുമതല അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ഓഫീസിനുമാണ്. എന്നാൽ വലിയൊരു അഴിമതി കൂമ്പാരമായി തീർന്നിരിക്കുകയാണ് പ്രസ്തുത ഓഫീസറും അദ്ദേഹത്തിന്റെ ഓഫീസും. ഇവിടത്തെ അഴിമതിയും സ്വജന പക്ഷപാതവും തൊഴിലാളികളുടെ ശബ്ദത്തെ തകർത്തുകളയുകയാണ്. ഇരിക്കാനുള്ള ഇരിപ്പിടമുണ്ടോ എന്ന് മാസം ആദ്യ ആഴ്ചകളിൽ തന്നെ വന്ന് ആക്രോശിക്കുന്ന ഉദ്യോഗസ്ഥൻ പിന്നീട് സ്ഥാപനത്തിലേക്കൊന്ന് എത്തി നേക്കുക കൂടി ചെയ്യുന്നില്ല. തൊഴിലാളികളുടെ കണക്കെടുക്കേണ്ട ഉദ്യോഗസ്ഥൻ അത് എടുത്തിട്ടുണ്ടോ എന്നു ചോദിച്ചാൽ, “അത് മുതലാളിമാർ തരുന്നില്ല, തൊഴിലാളിയായി നിൽക്കുന്നവർ മുതലാളിമാരുടെ ബന്ധുമിത്രാതികളാണ്” എന്നീ ഉത്തരങ്ങളാണ് പലപ്പോഴും പൊതുജനങ്ങൾക്ക് നൽകുന്നത്. മുതലാളിമാരുടെ കനിവിനായി ഇദ്ദേഹം നിൽക്കുകയാണെന്ന് തോന്നും!! മാത്രവുമല്ല, ഏതെങ്കിലും തൊഴിലാളി പരാതി നൽകിയാലോ, ആ തൊഴിലാളിയുടെ പേര് വെളിപ്പെടുത്തിക്കൊണ്ട് തന്നെ മുതലാളിയെ വിളിക്കും. ഓഫീസർക്ക് മുതലാളിയിൽ നിന്ന് കിട്ടാനുള്ളത് കിട്ടുകയും തൊഴിലാളി പിരിച്ചുവിടപ്പെടുകയും ചെയ്യുന്നു. ഇത് ഭയന്ന് ഒരു തൊഴിലാളിയും ഇപ്പോൾ ലേബർ ഓഫീസിലേയ്ക്ക് വിളിക്കുന്നില്ല. പരാതിയെക്കാളും വലുതാണല്ലോ കുടുംബത്തിനു ലഭിക്കുന്ന പച്ചരിക്കാശ്. അത് കൂടി നഷ്ടമായാൽ പിന്നെങ്ങനെ ജീവിക്കും?

## നിയമമെന്ന നോക്കുകുത്തി

ഏറ്റവും തൊഴിലാളി വിരുദ്ധമായതാണ് 1960ലെ ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്. തൊഴിലാളികളുടെ എല്ലാ അവകാശങ്ങളും അതിൽ എണ്ണിയെണ്ണി വിവരിക്കുമ്പോഴും അവ സംരക്ഷിക്കാനുള്ള ഒരു നടപടിയും അതിലില്ല. ഒരു തൊഴിലാളിയുടെ കൂലി പോലും വരില്ല ഈ തുക എന്നതുകൊണ്ട് തന്നെ നിർലോഭം നിയമം ലംഘിക്കാൻ മുതലാളിമാർ തയ്യാറാവുന്നു. ഈ ഒരവസ്ഥ മാറിയേ പറ്റൂ.

## ഇതിനൊരറുതി വരുത്തണ്ടേ?

പ്രിയ സുഹൃത്തുക്കളെ ടെക്സ്റ്റൈൽസ് മേഖലയിലെ തൊഴിലാളികളുടെ ഈ ദുരിതാവസ്ഥ ഇങ്ങനെ തുടർന്നാൽ മതിയോ? ഇത് സാംസ്കാരികമായി ഉയർന്നു എന്നവകാശപ്പെടുന്ന കേരളത്തിന് അപമാനമല്ലേ? ഒരു ജനാധിപത്യ സംവിധാനത്തിനകത്ത് തൊഴിലാളികൾക്ക്, അവരുടെ സംരക്ഷണത്തിന് നിരവധി നിയമങ്ങൾ നിലനിൽക്കുമ്പോൾ അവർ അരക്ഷിതരായി ജീവിക്കേണ്ട അവസ്ഥ മാറേണ്ടതല്ലേ? ഇതിന് ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗം തൊഴിലാളികൾ സംഘടിക്കുക എന്നതു തന്നെയാണ്. തൊഴിലാളികൾ ഭയം മാറ്റിവെയ്ക്കുകയും ഐക്യപ്പെടുകയും തങ്ങളുടെ അവകാശങ്ങൾക്കായി സമരം ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ഒട്ടനവധി ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. എ.എം.ടി.യുവിന്റെ തന്നെ നേതൃത്വത്തിൽ നടന്ന സമരങ്ങൾ തന്നെ അസംഘടിത മേഖലയിലെ അവകാശങ്ങൾക്കായുള്ള ഒത്തൊരുമയോടെയുള്ള പോരാട്ടങ്ങൾക്ക് വിജയം സുനിശ്ചിതമാണെന്ന് വെളിവാക്കുന്നതാണ്. കോഴിക്കോട് കൂപ്പൺ മാളിൽ നടന്ന സമരം തന്നെ ഉദാഹരണം.

കോഴിക്കോട് കൂപ്പൺ മാളിൽ എന്താണ് സംഭവിച്ചത്? കോഴിക്കോട്ടെ പ്രമുഖ തുണി വ്യപാരശൃംഘലയാണ് കൂപ്പൺ മാൾ. പ്രതീക് അപ്പാരൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് കൂപ്പൺ മാളിന്റെ ഉടമ സ്ഥാപനം. കോഴിക്കോട് ദീർഘകാലമായി പ്രവർത്തിച്ചുവന്ന ഒരു സ്ഥാപനമാണ് ഇത്. ഇവിടെ തൊഴിലാളികളെ നിയമിച്ചിരിക്കുന്നതാകട്ടെ അഡീക്കോ എന്ന ബാംഗ്ലൂർ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഏജൻസിയും. അങ്ങേയറ്റം നിയമവിരുദ്ധമായാണ് ഇവിടെ അഡീക്കോ തൊഴിലാളികളെ നിയമിച്ചിരിക്കുന്നത്. അത് വഴിയെ വിവരിക്കാം. പെട്ടെന്നൊരു ദിവസം സ്ഥാപനത്തിന്റെ മാനേജ്നെന്റ് സ്ഥാപനം പൂട്ടുന്ന വിവരം തൊഴിലാളികളെ അനൗദ്യോഗികമായി അറിയിക്കുകയും 5 ദിവസത്തിനുള്ളിൽ പൂട്ടുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. തൊഴിലാളികളോട് മറ്റൊരു തൊഴിൽ കണ്ടെത്താനും പിരിഞ്ഞുപോകാനും ആവശ്യപ്പെട്ടു. 5 വർഷത്തിൽകൂടുതൽ ജോലിചെയ്ത തൊഴിലാളികളടക്കം നാൽപ്പതിൽപരം തൊഴിലാളികൾ പെരുവഴിയിലാകുന്ന അവസ്ഥ. ആനുകൂല്യങ്ങളുടെ കാര്യം ചോദിച്ചപ്പോൾ മാനേജ് കൈമലർത്തുകയാണ് ചെയ്തത്.

ഈ ഒരവസരത്തിലാണ് തൊഴിലാളികൾ എ.എം.ടി.യുവിന് പരാതി നൽകിയത്. തുടർന്ന് എ.എം.ടി.യു സമരമേറ്റെടുക്കുകയും തൊഴിലാളികൾ ഒറ്റക്കെട്ടായി സമരം ആരംഭിക്കുകയും ചെയ്തു. റീജേണൽ മാനേജറെ തടഞ്ഞുവെയ്ക്കുക വരെ ചെയ്തുകൊണ്ട്

മൂന്ന് ദിവസം കൊണ്ട് സമരം കേരളത്തിലങ്ങോളമിങ്ങോളം ചർച്ച ചെയ്യുന്ന അവസ്ഥയിലേക്കെത്തി. ഒരു സ്ഥാപനം പൂട്ടിയാൽ 1 മാസം മുമ്പ് തന്നെ തൊഴിലാളികളെ രേഖാമൂലം അറിയിക്കണമെന്ന് നിയമമുള്ളപ്പോഴാണ് അപ്രതീക്ഷിതമായ കൂപ്പൺമാൾ അടച്ചുപൂട്ടൽ. ഇത്തരം പ്രശ്നങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് ഏജൻസി കമ്പനിയായ അഡീക്കൊ നിയമ വിരുദ്ധമായ കാര്യമാണ് ചെയ്തിരുന്നത്. അതായത് തൊഴിലാളികളെ കൊണ്ട് ആരംഭത്തിൽ തന്നെ നിയമവിരുദ്ധമായ ഒരു എഗ്രീമെന്റ്/കോൺട്രാക്ട് ഒപ്പിടിയിക്കുക. തുടർന്ന് ആ എഗ്രിനെന്റിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളെ ഭയപ്പെടുത്തുക. ഇതൊരു നിയമവിരുദ്ധ എഗ്രിമെന്റാണെന്നും അതിന് നിയമപരമായി പ്രാബല്യമില്ലെന്നും അറിഞ്ഞുകൂടാത്ത തൊഴിലാളി ഭയന്ന് അഡീക്കൊ പറയുന്നതുപോലെ ചെയ്യും. ഇതാണ് ഇവിടത്തെ കീഴ്‌വഴക്കം. എന്നാൽ എ.എം.ടി.യുവിന്റെ നേതൃത്വത്തിലുള്ള സമരത്തിൽ അഡീക്കോയുടെ തനിനിറം പുറത്താകുകയും പ്രസ്തുത എഗ്രിനെന്റ് അവർ പിൻവലിക്കുകയും ചെയ്യേണ്ട അവസ്ഥയിലെത്തുകയും ചെയ്തു. തുടർന്ന് പ്രതീക് അപ്പാരൽസ് എന്ന യഥാർത്ഥ മുതലാളി പ്രത്യക്ഷപ്പെടുകയും തൊഴിലാളികൾക്ക് മാസശമ്പളം, പ്രോവിഡന്റ് ഫണ്ട്, ബോണസ്, പെൻഷൻ, ഗ്രാറ്റിവിറ്റി, ഒരുമാസം മുന്നേ നോട്ടീസ് നൽകാത്തതുകൊണ്ടുള്ള ഫൈൻ ആയി നഷ്ടപരിഹാരം, തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നതിനുള്ള നഷ്ടപരിഹാരം എന്നിവ നൽകാമെന്ന് ഉറപ്പു നൽകുകയും ഭൂരിപക്ഷം പേർക്കും 1 മാസത്തിനുള്ളിൽ പ്രസ്തുത തുകയെല്ലാം ലഭിക്കുകയും ചെയ്തു. അഡീക്കോ എന്ന ഏജൻസിക്ക് തൊഴിലാളികളുടെ മുൻപാകെ മാപ്പുപറയേണ്ട അവസ്ഥയും സംജാതമായി.

ഈ വിജയം ഉണ്ടായത് കൂപ്പൺ മാളിലെ തൊഴിലാളികൾ ശക്തമായി ഐക്യപ്പെടുകയും ഒത്തൊരുമയോടെ പ്രവർത്തിക്കുകയും ഒപ്പം എ.എം.ടി.യു എന്ന നിങ്ങളുടെ തൊഴിൽ പ്രസ്ഥാനത്തെ വിശ്വസിക്കുകയും നഞ്ചോട് ചേർത്തു പിടിക്കുകയും ചെയ്തതുകൊണ്ട് മാത്രമാണ്. സംഘടിത ശക്തിയാണ് നമ്മുടെ ആയുധം. അതില്ലാത്തിടത്തോളം നമ്മുക്ക് അവകാശങ്ങൾ ലഭ്യമാകാൻ പോകുന്നില്ല. നമ്മുക്ക് നമ്മുടെ അദ്ധ്വാനത്തിന് മൂല്യമുണ്ട്. വിലയുണ്ട്. അതാണ് മുതലാളിമാർക്ക് ലാഭം ഉണ്ടാക്കി കൊടുക്കുന്നത്. നമ്മൾക്ക് വില നൽകാത്ത മുതലാളിമാർ നമ്മൾ ഒരുമിച്ച് പണിമുടക്ക് നടത്തി നോക്കട്ടെ, പിന്നീട് നെട്ടോട്ടമോടാൻ തുടങ്ങുന്നു. കാരണം നമ്മുടെ അദ്ധ്വാനമില്ലാതെ അവർക്ക് ലാഭം ഉണ്ടാക്കാൻ കഴിയില്ല എന്ന് നമ്മളെക്കാൾ അവർക്ക് ബോധ്യമുണ്ട്. അതുകൊണ്ട് നമ്മൾ സംഘടിച്ചുകൊണ്ട് നമ്മുടെ അവകാശങ്ങൾ നേടിയെടുക്കാൻ സന്നദ്ധമാകണം. സുഹൃത്തുക്കളെ നമുക്ക് ന

ഷ്ടപ്പെടാൻ എന്താണുള്ളത്?കുറച്ച് ഭയം മാത്രമല്ലാതെ. നമ്മളൊരുമിച്ചു നിന്നാൽ നമ്മളെ ആർക്കും ഭയപ്പെടുത്താനോ പരാജയപ്പെടുത്താനോ കഴിയില്ല.

## ഇരിക്കൽ സമരം നമ്മുടെ സമരം

പ്രിയ സുഹൃത്തുക്കളെ ഇരിക്കാനുള്ള അവകാശത്തിനും ഒപ്പം നിയമം നമുക്കുറപ്പു നൽകുന്ന ഒട്ടനവധിയായ മറ്റ് അവകാശങ്ങൾക്കും വേണ്ടിയാണ് നമ്മൾ സമരം ചെയ്യുന്നത്. AMTUവിന്റെ നേതൃത്വത്തിൽ ടെക്സ്റ്റൈൽസ് മേഖലയിലെ എല്ലാ തൊഴിലാളികളും ഇരിക്കാൻ വേണ്ടിയുള്ള അവകാശത്തിനായി ഒരു പുതിയ സമരമുഖം തുറക്കുകയാണ്. മണിക്കൂറുകൾ നീണ്ടു നിന്നുള്ള ജോലിക്കിടയിൽ ഇരിക്കുക എന്നത് മനുഷ്യത്വത്തിന്റെ പ്രശ്നമാണ്, മനുഷ്യാവകാശമാണ്. നമ്മളെ മനുഷ്യരായി കാണാൻ മുതലാളിമാർക്ക് കഴിയുന്നില്ല എന്നതാണിതിനു കാരണം. ലാഭക്കൊതി മൂത്ത് നമ്മളെ അടിമകളായി കാണുന്ന മുതലാളിമാരുടെ സമീപനത്തിനെതിരായി ആരോഗ്യകരമായ തൊഴിൽ സാഹചര്യത്തിനുവേണ്ടിയുള്ള തൊഴിലാളികളുടെ അവകാശ സമരമാണ് 'ഇരിക്കൽ സമരം'!

ഒപ്പം മിനിമം വേതനം നടപ്പാക്കുക, അവശ്യമായ ബാത്ത് റൂം സൗകര്യം നടപ്പാക്കുക, സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ സ്ഥാപിക്കുക, കുടിവെള്ളം നൽകുക, തൊഴിൽ സുരക്ഷിതത്വം നൽകുക, യൂണി ഫോമിന് തൊഴിൽ സ്ഥാപനം ചെലവുവഹിക്കുക, ലിഫ്റ്റ് സൗകര്യം തൊഴിലാളികൾക്കും അനുവദിക്കുക, അനിയന്ത്രിതമായ ക്യാമറകളുടെ എണ്ണം നിയന്ത്രിക്കുക, ബാത്ത് റൂം പരിസരത്തുള്ള ക്യാമറകൾ നീക്കം ചെയ്യുക, നിയമപരമായി നിശ്ചയിക്കപ്പെട്ട തൊഴിൽ സമയം ഉറപ്പുവരുത്തുക, അമിത അദ്ധ്വാനം അവസാനിപ്പിക്കുക,അവകാശങ്ങൾ സംരക്ഷിക്കപ്പെടുവിധം നിയമഭേദഗതി വരുത്തുക മുതലായ ഷോപ്പ് തൊഴിലാളികളുടെ അടിസ്ഥാന ആവശ്യങ്ങളും ഈ സമരത്തിൽ നമ്മൾ ഉന്നയിക്കുകയാണ്.

സുഹൃത്തേ ഇത് നമ്മൾ തൊഴിലാളികൾക്ക് ലഭിക്കേണ്ട ഏറ്റവും കുറഞ്ഞ മനുഷ്യാവകാശങ്ങളാണ്. നമ്മൾ സംഘടിക്കപ്പെട്ടിട്ടില്ല എന്ന ഒറ്റക്കാരണം കൊണ്ടാണ് ഇവയെല്ലാം നമുക്ക് നിഷേധിക്കപ്പെടുന്നത്. നമുക്ക് ഒത്തൊരുമിച്ച് ഒറ്റക്കെട്ടായി ഇത് നേടിയെടുക്കാനുള്ള സമരത്തിലണിചേരാം. അവകാശ ബോധമുള്ള, മനുഷ്യത്വമുള്ള, പ്രബുദ്ധരായ കേരള ജനത നമ്മുടെ ഈ സമരത്തെ നിർലോഭം പിന്തുണയ്ക്കുമെന്ന് നമുക്കുറപ്പുണ്ട്. മറക്കണ്ട, മെയ് 1, സാർവ്വദേശീയ തൊഴിലാളിദിനമാണ്. അന്ന് ഈ സമരത്തോട് നമുക്ക് ഐക്യപ്പെടാം.

- രണ്ട് തൊഴിലാളികൾക്ക് ഒരു ഇരിപ്പിടം എന്ന അനുപാതത്തിൽ ഇരിക്കാനുള്ള സൗകര്യങ്ങൾ ടെക്സ്റ്റൈൽസ് മേഖലയിൽ അനുവദിക്കുക. അവരെ ഇരിക്കാൻ അനുവദിക്കുക.
- മിനിമം വേതനം നടപ്പാക്കുക.
- മാക്സിമം തൊഴിൽ സമയം 8 മണിക്കൂർ ആക്കി നിജപ്പെടുത്തുക.
- തൊഴിൽ ആനുകൂല്യങ്ങൾ ടെക്സ്റ്റൈൽസ് തൊഴിലാളികൾക്ക് അനുവദിക്കുക.
- ബാത്ത്റൂം സൗകര്യം തൊഴിലാളികൾക്ക് ഉറപ്പുവരുത്തുക.

  പ്രസവാവധി ആനുകൂല്യങ്ങൾ സ്ത്രീ തൊഴിലാളികൾക്ക് ഉറപ്പു വരുത്തുക.
- തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുക.
- സി.സി. ക്യാമറകൾ നിയന്ത്രിക്കുക.

Printed and Published by Viji P. on behalf of
AMTU, Kozhikode District Committee., 09387050302